# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1636 — 03.10.11 ൽ -മറുപടിക്ക്

## എ.പി.എൽ. വിഭാഗങ്ങൾക്ക് 2 രൂപയ്ക്ക് അരി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാനത്ത് എത്ര എ.പി.എൽ. കാർഡുടമകളാണ് ഉളളത്; | (എ) സംസ്ഥാനത്ത് 56.11 ലക്ഷം എ.പി.എൽ കാർഡുടമകളാണുള്ളത്. |
| (ബി) ഇതിൽ എത്രപേർക്കാണ് 2 രൂപ നിരക്കിൽ അരി നൽകിവരുന്നത്; | (ബി) ഇതിൽ 42.86 ലക്ഷം പേർക്ക് 2/- രൂപ നിരക്കിൽ അരി നൽകി വരുന്നു. |
| (സി) 2 രൂപ നിരക്കിൽ അരി ലഭിക്കുന്നതിനുളള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (സി) താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി എല്ലാ എ.പി.എൽ കുടംബങ്ങളെയും 2/- രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1) രണ്ടര ഏക്കറിൽ കുറഞ്ഞ ഭൂമിയുള്ള കുടുംബങ്ങൾ<br>2) പ്രതിമാസം 25000/- രൂപയിൽ കുറഞ്ഞ കുടുംബ വരുമാനമുള്ളവർ<br>3) 2500 ചതുരശ്ര അടിയിൽ കുറഞ്ഞ വലിപ്പമുള്ള വീടുള്ള കുടുംബങ്ങൾ. |
| (ഡി) അർഹതപ്പെട്ട മുഴുവൻപേർക്കും 2 രൂപ നിരക്കിൽ അരി നൽകുന്നതിനു നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) നിശ്ചിത സമയത്തിനുള്ളിൽ ഫോട്ടോ പതിച്ച സത്യവാങ്മൂലം നൽകിയ എല്ലാ എ.പി.എൽ കാർഡുടമകളെയും 2/- രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ